<u>പതിമൂന്നാം കേരള നിയമസഭ</u>

പതിനൊന്നാം <u>സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5414 01.07.2014 ലെ മറുപടിയ്ക്ക്

## <u>കെ. എസ്. എഫ്. ഇ. യിൽ ഡോർ കളക്ഷൻ-കം-കാൻവാസിംഗ് ഏജന്റ്</u>

**<u>ചോദ്യം</u>**

**ശ്രീ. പാലോട് രവി :**

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസിൽ ഡോർ കളക്ഷൻ -കം-കാൻവാസിംഗ് ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

**<u>മറുപടി</u>**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) കെ.എസ്.എഫ്.ഇ യിലെ കാൻവാസിംഗ് -കം-ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്.

**<u>ക്യാൻവാസിംഗ് കമ്മീഷൻ</u>**

| <u>ചിട്ടി തവണ സംഖ്യ</u> | <u>കമ്മീഷൻ നിരക്ക്</u> (തവണ സംഖ്യയുടെ) | <u>അധിക കമ്മീഷൻ (25% ഉം അതിൽ കൂടുതലും പേരെ ഒരു ചിട്ടിയിൽ കാൻവാസ് ചെയ്യുന്നതിന്)</u> |
|---|---|---|
| 5000/- രൂപയോ അതിനു താഴെയോ | 15% | 1% |
| 5000/- രൂപയ്ക്കു മുകളിൽ | 12% | 1% |
| 10000/- രൂപയ്ക്കു മുകളിൽ തവണ സംഖ്യയും 40 മാസത്തിനു താഴെ കാലാവധി യുമുള്ള ചിട്ടികൾക്ക് | 10% | 1% |

**ഡോർ കളക്ഷൻ കമ്മീഷൻ**

| ആകെ മാസ പിരിവ് | കമ്മീഷൻശതമാനം | 10000/- രൂപയ്ക്കു മുകളിൽ ദിവസ/ ആഴ്ച അല്ലാതെയുള്ള പിരിവ് | 10000/- രൂപയോ അതിന് മുകളിലുമുള്ള ചെക്കിന് |
|---|---|---|---|
| 8 ലക്ഷം രൂപ വരെ | 1.5% | 1% | പരമാവധി 150/- രൂപ |
| 8 ലക്ഷം രൂപയ്ക്ക് മുകളിൽ 15 ലക്ഷം രൂപ വരെ | 1% | $^3/_4$% | |
| 15 ലക്ഷം രൂപയ്ക്ക് മുകളിൽ | $^1/_2$% | $^1/_2$% | |

(ബി) കളക്ഷന് അനുപാതികമായി കമ്മീഷൻ ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കമ്മീഷൻ സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ കളക്ഷന് അനുപാതികമായിട്ടാണ് കമ്പനി കമ്മീഷൻ നൽകി വരുന്നത്.

(സി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കമ്പനിയ്ക്ക് ചിട്ടിയിൽ നിന്നും ഫോർമാൻ കമ്മീഷൻ ആയി ലഭിക്കുന്ന 5% ത്തിൽ നിന്നും $1^1/_2$ ശതമാനം കളക്ഷൻ കമ്മീഷൻ ആയി നൽകി വരുന്നുണ്ട്. കമ്പനിയുടെ സ്റ്റാഫ് കോസ്റ്റ്, ചിട്ടി ഫീസുകൾ, സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടുന്ന സർവ്വീസ് ചാർജ്ജ് തുടങ്ങിയതും മറ്റു നിത്യ ചെലവുകളും, അനുബന്ധ ചെലവുകളും കണക്കിലെടുക്കുമ്പോൾ കമ്മീഷൻ വ്യവസ്ഥകളിൽ വർദ്ധനവ് വരുത്താൻ ഇപ്പോൾ നിർവ്വാഹമില്ലാത്തതിനാൽ അനുകൂല തീരുമാനം എടുത്തിട്ടില്ല.

| | | | |
|---|---|---|---|
| (ഡി) | കളക്ഷന് ആനുപാതികമായി കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ആദ്യ കാലങ്ങളിൽ ചിട്ടികളിൽ വരിക്കാരെ ചേർക്കുന്നതിന് മാത്രമാണ് ഏജന്റുമാരെ നിയമിച്ചിരുന്നത്. പിന്നീട് 2005 ൽ കമ്പനിയുടേയും ഇടപാടുകാരുടേയും താൽപര്യം മുൻനിർത്തി ഡോർ കളക്ഷൻ സമ്പ്രദായം തുടങ്ങി. ഇതു മൂലം ഏജന്റുമാർക്ക് അവർ കാൻവാസ് ചെയ്യുന്ന ചിട്ടികളുടെ മാസത്തവണകളുടെ കളക്ഷൻ ഏറ്റെടുക്കാനും അതിന്റെ കമ്മീഷൻ ലഭിക്കാനുമുള്ള സൗകര്യം നൽകിയിട്ടുണ്ട്. ശാഖകളിൽ കൂടുതൽ സ ല യും കൂടുതൽ തുകയ്ക്കുമുള്ള മാസത്തവണകളുള്ള ചിട്ടികൾ തുടങ്ങുന്നതിനാൽ ഏജന്റുമാർക്ക് ഗണ്യമായ തുക കാൻവാസിംഗ് ഇനത്തിലും കളക്ഷൻ ഇനത്തിലും നിലവിൽ ലഭിക്കുന്നുണ്ട്. കൂടാതെ കമ്പനി കാലാകാലങ്ങളിൽ കമ്മീഷൻ വ്യവസ്ഥകൾ പരിഷ്കരിക്കാറുമുണ്ട്. കമ്പനിയുടെ ചെലവുകൾ കണക്കിലെടുക്കുമ്പോൾ കമ്മീഷൻ വർദ്ധിപ്പിച്ചു നൽകാൻ ഇപ്പോൾ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.